# MOS speaks on the India-Africa Forum Summit-IV at the 15th CII-EXIM Bank Digital Conclave on India Africa Project Partnership

September 24, 2020

---

**ഇന്ത്യ ആഫ്രിക്ക പ്രോജക്ട് പങ്കാളിത്തത്തിൽ CII -EXIM ബാങ്ക് നടത്തിയ 15 മത് ഡിജിറ്റൽ കോൺക്ലേവിലെ ഇന്ത്യ -ആഫ്രിക്ക ഫോറം സമ്മിറ്റ് -IV ൽ വിദേശകാര്യ സഹമന്ത്രി സംസാരിക്കുന്നു.**

സെപ്റ്റംബർ 24, 2020

ഇന്ന് ന്യൂ ഡൽഹിയിൽ വച്ച് നടക്കുന്ന 15 മത് CII -EXIM ബാങ്ക് ഡിജിറ്റൽ കോൺക്ലേവിലെ ഇന്ത്യ-ആഫ്രിക്ക ഫോറം സമ്മിറ്റ് -IV ലെ അവതാരക പ്രഭാഷണം നടത്തിയത് വിദേശകാര്യ സഹമന്ത്രിയായ ശ്രീ. വി.മുരളീധരനായിരുന്നു.

ബോട്സ്വാന റിപ്പബ്ലിക്കിന്റെ വിദേശകാര്യ സഹകരണ മന്ത്രിയായ ഡോ.ലെമോഗാങ് വാപെ, ഈജിപ്ത് അറബ് റിപ്പബ്ലിക്കിന്റെ അന്തർദേശിയ സഹകരണം മന്ത്രി ഡോ: റാനിയ എ അൽ മഷത്, മലാവി റിപ്പബ്ലിക് വിദേശകാര്യമന്ത്രിയായ എസൻഹോവർ മകാക കൂടാതെ സിംബാബ്‌വെ റിപ്പബ്ലിക്കിലെ വിദേശകാര്യ ,വിദേശവാണിജ്യമന്ത്രി ലഫ്.ജെൻ. ഡോ.സിബിസിസോ ബി മോയോ എന്നിവരായിരുന്നു സെക്ഷനിലെ മറ്റു പ്രഭാഷകർ

തന്റെ പ്രസ്താവനയിൽ, ഇന്ത്യ-ആഫ്രിക്ക ബന്ധത്തിലെ ചില പ്രധാന വസ്തുതകൾ നിരീക്ഷിച്ചു കൊണ്ടാണ് വിദേശകാര്യ സഹമന്ത്രി ശ്രീ മുരളീധരൻ തുടങ്ങിയത്: വാണിജ്യം, നിക്ഷേപം കൂടാതെ വികസനം എന്നിവയിൽ ആഫ്രിക്കയിലെ ഏറ്റവും വലിയ പങ്കാളികളിൽ ഒരാളാണ് ഇന്ത്യ കൂടാതെ ആഫ്രിക്കയിൽ നിന്നുള്ള സാമഗ്രികൾക്കും ഉത്പന്നങ്ങൾക്കുമായി ഒരു വലിയ വിപണിയും വാഗ്ദാനം ചെയ്യുന്നു.; മുൻപും ഇന്ത്യ ആഫ്രിക്കയ്ക്കും ആഫ്രിക്കൻ ജനതയ്ക്കൊപ്പം നിലകൊണ്ടിരിന്നു, ഭാവിയിലും ഏറ്റവും വലിയ വികസന പങ്കാളിയായി തുടരുക തന്നെ ചെയ്യുന്നതാണ്. ഇന്ത്യയും ആഫ്രിക്കയും തമ്മിലുള്ള സ്ഥായിയായ സൗഹൃദം, പരസ്പര ധാരണ , കൂടാതെ സഹകരണം എന്നിവ പരമ്പരാഗതമായി തുടരുന്ന പശ്ചാത്തലത്തിലാണ് ഇന്ത്യ ആഫ്രിക്ക ഫോറം സമ്മിറ്റ് നടക്കുന്നത്.2018 ൽ ഉഗാണ്ട പാർലിമെന്റിൽ അഭിസംഭോധന ചെയ്തു സംസാരിക്കുമ്പോൾ ആഫ്രിക്കയോടുള്ള ഇന്ത്യൻ സമീപനത്തിന്റെ 10 നിയന്ത്രണ തത്വങ്ങൾ ശ്രീ നരേന്ദ്രമോദി പരാമർശിച്ചത് അദ്ദേഹം അനുസ്മരിച്ചു.

അവസാനം നടന്ന ഇന്ത്യ ആഫ്രിക്ക ഫോം സമ്മിറ്റിൽ അടുത്ത ചുമതലകളുടെ ശ്രദ്ധാപൂർവ്വമായ നിർവഹണം വിദേശകാര്യ സഹമന്ത്രി സഹ മന്ത്രി

വിശദീകരിക്കുകയുണ്ടായി. ഇതിന്റെ പകുതി കാലാവധിയിലുള്ള അവലോകന സമ്മേളനം ആഫ്രിക്കൻ യൂണിയന്റെ അറിവോടെ തന്നെ 2019 ന്യൂ ഡൽഹിയിൽ വച്ചു നടത്തുകയും ,ഇതിൽ വ്യവസായ നിക്ഷേപങ്ങൾ, കൃഷി, ബ്ലൂ ആൻഡ് ഓഷ്യൻ ഇക്കോണമി, നിർമാണം, വിദ്യാഭാസവും നൈപുണ്യ വികസനവും, ആരോഗ്യം, സമാധാനവും സുരക്ഷയും കൂടാതെ ബഹുരാഷ്ട്ര ഫോറമുകളിൽ ഉള്ള സഹകരണം എന്നിങ്ങനെയുള്ള സഹകരണത്തിന്റെ പ്രധാന മേഖലകൽ നിരീക്ഷിക്കുകയും ചെയ്തിരുന്നു.
കഴിഞ്ഞ സമ്മിറ്റിനു ശേഷം ഇന്ത്യ ആരംഭിച്ച ഇന്റെനാഷണൽ സോളാർ അലയൻസ്, കോലിയേഷൻ ഓഫ് ഡിസാസ്റ്റർ റിസൈലന്റ് ഇൻഫ്രാസ്ട്രക്ച്ചർ എന്നിങ്ങനെയുള്ള രണ്ടു സംരംഭങ്ങളെക്കുറിച്ച് വിദേശകാര്യമന്ത്രി ആവർത്തിച്ചു പറയുകയും രണ്ടിലേക്കും ആഫ്രിക്കൻ പങ്കാളിത്തം സ്വാഗതം ചെയ്യുകയും ചെയ്തു. ആഗോളതലത്തിൽ ഇന്ത്യ വൈദ്യ സഹായം വിതരണം ചെയ്ത 85 രാജ്യങ്ങളിൽ 25 എണ്ണം ആഫ്രിക്കൻ രാജ്യങ്ങളാണെന്നും അദ്ദേഹം നിരീക്ഷിച്ചു.

2020 ഫെബ്രുവരിയിൽ നടന്ന ആദ്യ ഇന്ത്യ -ആഫ്രിക്ക സൈനിക മന്ത്രിമാരുടെ കോൺക്ലേവ് ശ്രീ. മുരളീധരനെ അനുസ്മരിച്ചു. ഇതിൽ 33 ആഫ്രിക്കൻ raajyngalil ninnayi 146 പ്രതിനിധികൾ പങ്കെടുക്കുകയും ഇന്ത്യയും ആഫ്രിക്കയും ഇന്തോ-പസഫിക് ഭൂഖണ്ഡത്തിന്റെ തന്നെ പ്രധാനഭാഗമാണെന്നും ആഫ്രിക്കയുടെ സമാധാനത്തിനും സുരക്ഷയ്ക്കുമായുള്ള AU ദർശനം ഇന്ത്യയുടെ SAGAR എന്ന ദർശനത്തിനോട് സമാനമാണെന്ന് അഭിപ്രായപ്പെടുന്ന ലക് നൗ പ്രസ്താവന അംഗീകരിക്കുകയും ചെയ്തു. ലഭ്യമായ ഏറ്റവുമടുത്ത അവസരത്തിൽ തന്നെ ഇന്ത്യ-ആഫ്രിക്ക ഫോറം സമ്മിറ്റിന്റെ 4 മത് സമ്മേളനം നടത്താനാകുമെന്നു പ്രതിഷിച്ചു അദ്ദേഹം ഉപസംഹരിച്ചു.

തങ്ങളുടെ പ്രസ്താവനകളിൽ ആഫ്രിക്കൻ മന്ത്രിമാർ, ആഫ്രിക്കയുടെ വികസന സ്വപ്നങ്ങൾക്ക് തുടർന്ന് വരുന്ന സൗഹൃദത്തിന്റെയും പങ്കിട്ട ലക്ഷ്യങ്ങളുടെയും അടിസ്ഥാനത്തിൽ ഇന്ത്യ നൽകിയ അകമഴിഞ്ഞ സഹായത്തേയും പിന്തുണയേയും പ്രകീർത്തിച്ചു.വര്ഷങ്ങളായി ആഫ്രിക്കയിലെ വികസനം കുറവുള്ള രാജ്യങ്ങൾക്കായി (LDCകൾ)നികുതിയും പരിധിയും ഇല്ലാതെ ഇന്ത്യൻ വ്യപണിയിലേക്ക് നൽകി വരുന്ന പ്രവേശനത്തിന് നിരവധി മാന്തിയർമാർ നന്ദി അറിയിച്ചു. ചിലർ ഇന്ത്യ തങ്ങളുടെ ചെറുതും ഇടത്തരവുമായ വ്യവസായ മേഖലയിൽ നൽകിയ പിന്തുണയെ പ്രത്യേകം പരാമർശിക്കുകയും ഇന്ത്യയെ 'ഒഴിവാക്കാനാകാത്ത പങ്കാളിയെന്നു' വിശേഷിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ 5 വർഷങ്ങളായി ആഫ്രിക്കൻ രാജ്യങ്ങൾക്കായി ഇന്ത്യ നൽകി വരുന്ന ആനുകൂല്യങ്ങൾ ഉള്ള വായ്പകളെക്കുറിച്ച് എല്ലാ മന്ത്രിമാരും ഊഷ്മളമായ സ്വരത്തിൽ സംസാരിച്ചു, കൂടാതെ ഇത്തരം വാർത്തകളും വിപണിയിലെ മുന്ഗണയും ആഫ്രിക്ക സമ്പദ് വ്യവസ്ഥയെ പിന്തുണയ്ച്ചുവെന്നും നിരീക്ഷിക്കുകയുണ്ടായി.ആഫ്രിക്ക ഭൂഖണ്ഡത്തിലുടനീളം ഇന്ത്യ ലഭ്യമാക്കുന്ന ടെലി വിദ്യാഭ്യാസം, ടെലി-മെഡിസിൻ സേവനങ്ങളുടെ പശ്ചാത്തലത്തിൽ ഇന്ത്യ എങ്ങനെ ആഫ്രിക്കയെ "ഡിജിറ്റൽ വിഭജനം പരിഹരിക്കുന്നതിന് സഹായിക്കുന്നു" സഹായിക്കുന്നു

എന്നതിനെ കുറിച്ചും അനുകൂലമായ പരാമർശങ്ങൾ വന്നിരുന്നു. ആഫ്രിക്കൻ കോണ്ടിനെന്റൽ ഫ്രീ ട്രേയ്ഡ് ഉടമ്പടി നിലവിൽ വരുന്നതിനെ മന്ത്രിമാർ പ്രകീർത്തിച്ചിരുന്നു കൂടാതെ ഇത് ഇന്ത്യ -ആഫ്രിക്ക ഫോറം സമ്മിറ്റ് -IV , ആഫ്രിക്ക അജണ്ട- 2063 എന്നിവയുടെ ഫലങ്ങളുമായി കൂട്ടായ പ്രവർത്തനത്തിനുതകുമെന്നു പ്രത്യാശ വയ്ക്കുകയും ചെയ്തു.

തുടർന്ന് നടന്ന ചുരുങ്ങിയ ചർച്ചയിൽ, പകർച്ചവ്യാധിയുടെ ഫലങ്ങളെ നേരിടുന്നതിനായി ഇന്ത്യ ആഫ്രിക്ക പങ്കാളിത്തം ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് മന്ത്രിമാർ അനുകൂലിച്ചു. വിദേശകാര്യസഹമന്ത്രി സെഷനിൽ പങ്കെടുത്തി മന്ത്രിമാർക്ക് നന്ദി അറിയിച്ചു.

**ന്യൂ ഡൽഹി**
**24 സെപ്റ്റംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.